"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ഭരണപരം - തിരുവനന്തപുരം ഡിവിഷനിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ. സ-അദ് സൽമാൻ-ന് പ്രവേശനകാലം നീട്ടി നൽകി അടിസ്ഥാന പരിശീലനത്തിന് പ്രവേശിപ്പിക്കുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.382/2026/TAXES തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-
1. തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 03.02.2026-ലെ EDOTVM/798/2025-T1 നമ്പർ ഉത്തരവ്
2. എക്സൈസ് അക്കാഡമി ഡയറക്ടറുടെ 17.02.2026-ലെ SEARC/39/2026-SEA3 നമ്പർ ഉത്തരവ്
3. ശ്രീ. സ-അദ് സൽമാൻ സമർപ്പിച്ച 12.03.2026-ലെ അപേക്ഷ
4. എക്സൈസ് കമ്മീഷണറുടെ 26.03.2026-ലെ EXC/1907/2026-XE8 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം സെൻട്രൽ ജയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസറായി ജോലി ചെയ്യുന്നതും തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമനം ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. സ-അദ് സൽമാൻ ട്രെയിനിംഗിന് ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നതായും മെഡിക്കൽ സംബന്ധമായ ചില ആവശ്യങ്ങൾ ഉള്ളതിനാൽ, ടിയാന്റെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയ 09/02/2026

മുതൽ 45 ദിവസത്തേയ്ക്ക് ട്രെയിനിംഗിന് ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണെന്നും സൂചന മൂന്ന് പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാൻ ഡ്യൂട്ടി കഴിഞ്ഞ് മടങ്ങവേ ഉണ്ടായ വീഴ്ചയിൽ കാൽ മുട്ടിന് പരിക്ക് പറ്റിയെന്നും, കാൽ മുട്ടിലെ പേശികൾക്ക് ക്ഷതം സംഭവിച്ചതിനാൽ ഒരു മാസത്തേക്ക് ഡോക്ടർ വിശ്രമം നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ ട്രെയിനിംഗിന് ഹാജരാകുന്നതിന് സാവകാശം അനുവദിച്ച് അടുത്തതായി ആരംഭിയ്ക്കുന്ന ബാച്ചിൽ പ്രവേശിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ച് ടി അപേക്ഷയും അനുബന്ധരേഖകളും ശിപാർശയോടെ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ഉത്തരവ് പ്രകാരം സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമനം ലഭിച്ചിട്ടുള്ളതും, എക്സൈസ് അക്കാദമി ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം ട്രെയിനിംഗിന് ഹാജരാകാൻ നിർദേശം ലഭിച്ചിട്ടുള്ളതുമായ ശ്രീ. സ-അദ് സൽമാൻ-ന് ട്രെയിനിംഗിന് ഹാജരാകുന്നതിന് സാവകാശം അനുവദിച്ചു നൽകിയും അടുത്തതായി ആരംഭിയ്ക്കുന്ന പരിശീലന ബാച്ചിൽ ഹാജരാകുന്നതിന് പ്രവേശനകാലം ദീർഘിപ്പിച്ചു നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), കേരളം, തിരുവനനന്തപുരം.
3. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/53/2026-നികുതി)

ഉത്തരവിൻ പ്രകാരം
Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 23-04-2026 11:11:14